ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ എച്ച്.സി/പി.സി. തസ്തികയിലുള്ളവർക്കാണ് 8 മണിക്കൂർ ജോലി സമ്പ്രദായം പരീക്ഷണാർത്ഥം നടപ്പാക്കിയിട്ടുള്ളത്.

(ബി)&(സി) പരീക്ഷണാടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെ എച്ച്.സി/പി.സി. മാർക്ക് 8 മണിക്കൂർ ജോലി സമ്പ്രദായം ഏർപ്പെടുത്തിയത് ഈ സർക്കാരാണ്.

(ഡി) 22 പോലീസ് സ്റ്റേഷനുകളിൽ.

(ഇ) ഉണ്ട്. 50 പോലീസ് സ്റ്റേഷനുകളിൽ കൂടി 1.7.99 മുതൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്)സംസ്ഥാന പോലീസ് സേനാംഗങ്ങളുടെ 'ക്ഷേമകാര്യങ്ങൾ' നിർണ്ണയിക്കുന്നതിന് നിയോഗിക്കപ്പെട്ട എം.കെ. ജോസഫ് കമ്മിഷൻ പോലീസ് സേനാംഗങ്ങൾക്ക് 8 മണിക്കൂർ ആയി ജോലി സമയം നിജപ്പെടുത്തണമെന്ന് ചെയ്ത ശുപാർശയുടെ അടിസ്ഥാനത്തിലും പോലീസ് അസോസിയേഷനുകളുടെ നിവേദന പ്രകാരവും മേഖലാ ഐ.ജി.മാരുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ് ഈ ജോലി സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ളത്.

(ജി) പോലീസുകാരുടെ ജോലിഭാരം 8 മണിക്കൂറായി നിജപ്പെടുത്തിയതിനെത്തുടർന്ന് ഒരു പരിധി വരെ കാര്യക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്.

32 (656) മാതൃകാ പോലീസ് സ്റ്റേഷനുകൾ

ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മാതൃകാ പോലീസ് സ്റ്റേഷനുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ മാതൃകാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാമാണ് ഇവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മാതൃകാ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ ഏതെങ്കിലും പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷനുകളായി ഉയർത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓരോ പോലീസ് സ്റ്റേഷനുകളുടേയും പ്രത്യേകതകളും ആ പ്രദേശത്തെ പോലീസിന്റെ പ്രവർത്തനശേഷിയും മറ്റും പരിഗണിച്ച് ഓരോ പോലീസ് സ്റ്റേഷനുകളിലേയും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും സ്റ്റേഷൻ അധികാര പരിധിയിലെ ജനങ്ങൾക്ക് പോലീസിന്റെ സേവനം ലഭ്യമാക്കുന്നതിന് യഥേഷ്ടം കടന്ന് വരാനുള്ള അവസരം സൃഷ്ടിക്കുകയും, സ്റ്റേഷനിൽ പ്രവർത്തിയെടുക്കുന്നവർ ആത്മാർത്ഥതയോടും തികഞ്ഞ സത്യസന്ധതയോടും ജനങ്ങൾക്ക് സേവനം നൽകുന്ന ഒരു സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ളതാണ് മാതൃകാ പോലീസ് സ്റ്റേഷനുകളുടെ അടിസ്ഥാന തത്വം. മാതൃകാ പോലീസ് സ്റ്റേഷനുകളിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് മറ്റു പോലീസ് സ്റ്റേഷനുകളും ഇപ്രകാരം പ്രവർത്തിക്കണമെന്നുള്ളതാണ് മാതൃകാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചതിന് പിന്നിലുള്ള ആശയം.

(ബി)&(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും മാതൃകാ പോലീസ് സ്റ്റേഷനുകളായി തീരണമെന്നുള്ളതാണ് ലക്ഷ്യം.

(ഡി) ഉണ്ട്. മാതൃകാ പോലീസ് സ്റ്റേഷനുകളിലെ ദൈനംദിന പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതായി നാളിതുവരെയുള്ള വിലയിരുത്തലിൽനിന്നും മനസ്സിലായിട്ടുണ്ട്.

(ഇ) കൂടുതൽ പോലീസ് സ്റ്റേഷനുകൾ മാതൃകാ പോലീസ് സ്റ്റേഷൻ ആക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇപ്പോൾ 19 പോലീസ് സ്റ്റേഷനുകളാണ് മാതൃകാ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചുവരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ ആകെ 100 പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ നിലവിൽവരും.

33 (657) പ്രൊമേഷൻ വഴിയുള്ള ഐ.പി.എസ്. നിയമനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസിലെ ഓഫീസർമാർക്ക് പ്രൊമോഷൻ വഴി ഇന്ത്യൻ പോലീസ് സർവ്വീസ് (ഐ.പി.എസ്) നൽകുവാൻ തുടങ്ങിയത് എന്നു മുതൽക്കാണ്;

(ബി) ഇതുവരെയായി എത്ര ഓഫീസർമാർക്ക് പ്രൊമോഷൻ വഴി ഐ.പി.എസ്. നൽകിയിട്ടുണ്ട്. അവരുടെ പേരും വർഷവും അവർ ഏതു വിഭാഗത്തിൽനിന്നുള്ളവരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ പോലീസിലെ ഏതൊക്കെ വിഭാഗത്തിലുള്ളവരാണ് പ്രൊമോഷൻ വഴി ഐ.പി.എസ്. കിട്ടുന്നതിന് അർഹരായിട്ടുള്ളവരെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 1955-ലെ (ഐ.പി.എസ്. അപ്പോയ്മെന്റ് ബൈ പ്രൊമോഷൻസ്) റഗുലേഷൻസ് പ്രകാരമാണ് സ്റ്റേറ്റ് പോലീസ് സർവ്വീസിലെ ഉദ്യോഗസ്ഥൻമാർക്ക് പ്രൊമോഷൻ വഴി ഐ.പി.എസ്. നൽകി തുടങ്ങിയത്.

LIBRARY ARCHIVES Kerala Legislative Assembly